# Visit of External Affairs Minister Dr S. Jaishankar to Tajikistan (March 30-31, 2021)

March 26, 2021

# വിദേശകാര്യമന്ത്രി ഡോ.എസ് ജയശങ്കറിന്റെ താജികിസ്ഥാനിലേക്കുള്ള സന്ദർശനം (മാർച്ച് 30-31, 2021)

മാർച്ച് 26, 2021

1. താജികിസ്താൻ വിദേശകാര്യമന്ത്രി ശ്രീ സിറാജുദ്ദിൻ മുഹ്റുദ്ദിന്റെ ക്ഷണം അനുസരിച്ചു, വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ, 2021 മാർച്ച് 30 -31 തിയ്യതികളിൽ തജികിസ്താനിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തി.

2. സന്ദർശന വേളയിൽ, ഉഭയകക്ഷി ബന്ധത്തിന്റെ മുഴുവൻ ശങ്ങളും പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, അന്തർദേശീയ പ്രശ്നങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് വിദേശകാര്യ മന്ത്രി തന്റെ മറു വിഭാഗവുമായി ചർച്ച നടത്തും. താജിക്കിസ്ഥാൻ റിപ്പബ്ലിക് പ്രസിഡന്റ് ഇമോമാലി റഹ്മോനെയും അദ്ദേഹം സന്ദർശിക്കും. കൂടാതെ മറ്റ് താജിക് മന്ത്രിമാരെയും ഉന്നതരെയും അദ്ദേഹം സന്ദർശിക്കുമെന്നു പ്രതീക്ഷിക്കുന്നു.

3. ഏഷ്യയിലെ ആശയവിനിമയവും ആത്മവിശ്വാസവും വളർത്തുന്നതിനുള്ള നടപടികളെക്കുറിച്ചുള്ള 5 മത് സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യ മന്ത്രി നേരത്തെ 2019 ജൂണിൽ ദുഷാൻബെ സന്ദർശിച്ചിരുന്നു. ഇന്ത്യയും താജിക്കിസ്ഥാനും തമ്മിലുള്ള നയതന്ത്ര പങ്കാളിത്തത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നത്തിനായി ഇരു രാജ്യങ്ങളും തമ്മിലുള്ള നിരന്തരമായ ഉന്നതതല സന്ദര്ശനങ്ങളുടെ തുടർച്ചയാണിത്.

4. അഫ്ഗാനിസ്ഥാനിലെയും താജിക്കിസ്ഥാനിലെയും വിദേശകാര്യ മന്ത്രിമാരുടെ സംയുക്ത ക്ഷണം സ്വീകരിച്ച് 2021 മാർച്ച് 30 ന് ദുഷാൻബെയിൽ നടക്കുന്ന അഫ്ഗാനിസ്ഥാനിലെ ഹാർട്ട് ഓഫ് ഏഷ്യ - ഇസ്താംബുൾ പ്രോസസിന്റെ (HoA -IP) 9 മത് മന്ത്രി സമ്മേളനത്തിൽ വിദേശകാര്യ മന്ത്രി പങ്കെടുക്കും. ഇതിനനുബന്ധമായി ഇതിൽ പങ്കെടുക്കുന്ന

മറ്റ് രാജ്യങ്ങളിലെ നേതാക്കളെയും അദ്ദേഹം സന്ദർശിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

5. HoA -IP യ്ക്ക് കീഴിലുള്ള വ്യാപാര വ്യവസായ, നിക്ഷപെ കൂടാതെ ആത്മവിശ്വാസം വികസിപ്പിക്കുന്നതിനുള്ള നടപടികളിൽ (CBM) പ്രധാന രാജ്യമെന്ന നിലയിൽ, പ്രവിശ്യയിൽ അഫ്ഗാനിസ്ഥാന്റെ മെച്ചപ്പെട്ട സാമ്പത്തിക സമന്വയത്തിനായി പ്രാദേശിക ബന്ധം ശക്തിപ്പെടുത്തുന്നതിന് ഇന്ത്യ സമഗ്രമായ ശ്രമങ്ങൾ നടത്തി. ഇന്ത്യയും അഫ്ഗാനിസ്ഥാനും തമ്മിലുള്ള പ്രത്യേകമായ എയർ ഫ്രെയ്റ്റ് കോറിഡോർ, ഇറാനിലെ ചബഹാർ തുറമുഖത്തിന്റെ പ്രവർത്തനവൽക്കരണം എന്നിവ ഈ ദിശയിലേക്കുള്ള ചുവടുകളാണ്.

6. അഫ്ഗാനിസ്ഥാനിലെ സമാധാനം, സമൃദ്ധി, സ്ഥിരത എന്നിവയുടെ പ്രധാന പങ്കാളിയെന്ന നിലയിൽ ഇന്ത്യ അഫ്ഗാനിസ്ഥാനിലെ അന്താരാഷ്ട്ര പ്രക്രിയകളിൽ ക്രിയാത്മക പങ്ക് വഹിച്ചിട്ടുണ്ട്. അഫ്ഗാനിസ്ഥാനിലെ പ്രാദേശിക അന്തർദ്ദേശീയ പങ്കാളികളുമായി ഇന്ത്യ അടുത്ത് ഇടപഴകുന്നു. ഈ സന്ദർശനം അഫ്ഗാനിസ്ഥാനിൽ പ്രത്യേക ശ്രദ്ധ ചെലുത്തിക്കൊണ്ട് മധ്യേഷ്യൻ രാജ്യങ്ങളിലേക്കുള്ള നമ്മുടെ യാത്രയെ കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്.

ന്യൂ ഡൽഹി
26 മാർച്ച്, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.